പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.108 20.01.2014 - ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.എളമരം കരീം<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സംസ്ഥാന ദേശീയപാത വികസനത്തിൽ നിന്നും നാഷണൽ ഹൈവേ അതോറിറ്റി പിൻവാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഹൈവേയുടെ വികസനത്തിൽ നിന്നാണ് പിന്മാറ്റം എന്നറിയിക്കാമോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) സംസ്ഥാന ദേശീയപാത വികസനത്തിൽ നിന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പിന്മാറിയതായി കേന്ദ്രം അറിയിച്ചിട്ടില്ല. |
| (ബി) ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള തർക്കങ്ങൾ തുടരുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് തർക്കങ്ങൾ നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) സംസ്ഥാനത്തെ ദേശീയപാതകളിൽ എൻ.എച്ച്.17 ഉം എൻ.എച്ച്. 47 ഉം ആണ് 45 മീറ്റർ (Right Of Way) വീതിയിൽ സ്ഥലമെടുത്ത് സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ എൻ.എച്ച്. 47 – ലെ തൃശ്ശൂർ മുതൽ |

ഇടപ്പള്ളി വരെയുള്ള ഭാഗത്തെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള 4 വരിപ്പാതയാക്കലിനും വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ 6 വരി പാതയാക്കലിനും കരാർ നൽകി കഴിഞ്ഞിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ നല്ല പുരോഗതിയിലാണ്. എൻ.എച്ച്.17 -ൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്ത് മിക്കയിടങ്ങളിലും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടും മറ്റും തർക്കങ്ങൾ നിലവിലുണ്ട്. കാസർഗോഡ് ടൗൺ, കണ്ണൂർ ബൈപ്പാസ്, കൊയിലാണ്ടി, വെണ്ണിയൂർപറമ്പ്, പുത്തനങ്ങാടി തുടങ്ങിയ ഭാഗങ്ങളിലും, മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിലും, എൻ.എച്ച്. 47 ൽ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളിൽ 19 ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടതുൾപ്പടെ തർക്കങ്ങൾ നിലവിലുണ്ട്.

(സി) തർക്ക പരിഹാരത്തിനായി എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്;

(സി) നിർദ്ദിഷ്ട അലൈൻമെന്റിൽ പെടുന്ന ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മറ്റും പരിശോധിക്കുന്നതിന് കൺസൾട്ടന്റായ ICT India Limited –നെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ പരിശോധിക്കുന്നതിന് കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിലുള്ള

സമിതിയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉന്നതാധികാര സമിതിയും നിലവിലുണ്ട്. 1956 -ലെ നാഷണൽ ഹൈവേ ആക്ട് അനുസരിച്ചുള്ള നഷ്ടപരിഹാരമാണ് എൻ.എച്ച്.എ.ഐ. നൽകാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ R&R പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഇതിനായി ആവശ്യമായ തുക വകയിരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

(ഡി) റോഡിന്റെ വീതി സംബന്ധിച്ച് സർക്കാർ എടുത്തിട്ടുള്ള തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്നാണ് തീരുമാനം;

(ഡി) ദേശീയപാതാവികസന പദ്ധതി പ്രകാരം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ 60 മീറ്റർ ആണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത് 45 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ) വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് അർഹമായ പ്രതിഫലം നൽകുന്നതിന് തയ്യാറായിട്ടുണ്ടോ; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) 1956 -ലെ നാഷണൽ ഹൈവേ ആക്ട് അനുസരിച്ചുള്ള നഷ്ടപരിഹാരമാണ് എൻ.എച്ച്.എ.ഐ. നൽകാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ R&R പാക്കേജ് അനുസരിച്ച് നഷ്ടപരിഹാരം നൽകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഇതിനായി ആവശ്യമായ തുക വകയിരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

| | |
|---|---|
| (എഫ്) ദേശീയപാത അലൈൻമെന്റ് മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുമായി സംസ്ഥാന സർക്കാർ ആശയവിനിമയം നടത്തിയിരുന്നോ; ഇത് സംബന്ധിച്ച് അവരുടെ മറുപടി എന്തായിരുന്നു; ഇതനുസരിച്ച് എന്ത് തുടർ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (എഫ്) ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനായി അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള അലൈൻമെന്റ് പരിശോധിച്ചതിൽ, വ്യതിയാനം വരുത്തുന്നത് പാതയുടെ ജ്യോമെട്രിക്സിനെ ബാധിക്കുകയും തന്മൂലം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ കഴിയാതെവരികയും ചെയ്യുമെന്നതിനാൽ അലൈൻമെന്റിന് വ്യതിയാനം വരുത്തുവാൻ കഴിയുകയില്ല എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ